## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3504 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **ട്രാൻസ് ജെൻഡർ നയവും അവകാശവും** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.വീണാ ജോർജ്ജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ട്രാൻസ് ജെൻഡർ നയവും അവകാശവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ട്രാൻസ് ജെൻഡർമാർ നേരിടുന്ന വിവേചനവും പീഡനവും, സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ നിന്നുള്ള അകറ്റിനിറുത്തലും ഇല്ലാതാക്കി അവരുടെ അകവാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2014 ലെ സുപ്രീം കോടതി വിധിയുടെയും, കേന്ദ്ര സംസ്ഥാന ട്രാൻസ് ജെൻഡർ സർവ്വേയിലെയും കണ്ടെത്തുലുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ട്രാൻസ്ജെൻഡർ നയം രൂപീകരിച്ചത്. കേരളത്തിലെ വികസന ഇടപെടലുകളിൽ ട്രാൻസ് ജെൻഡർ പങ്കാളിത്തം ഉറപ്പ് വരുത്താനുള്ള ഒരു നയം കൂടിയാണിത്. ഇതു സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.<br><br>**1.സമത്വത്തിനുള്ള അവകാശം:-**<br>(a) തുല്യമായ സാമൂഹിക-സാമ്പത്തിക അവസരങ്ങളും സേവനങ്ങളും വിഭവങ്ങളും ലഭ്യമാക്കുക.<br>(b) വിദ്യാഭ്യാസം, ആരോഗ്യവും, സർക്കാർ നിയമനങ്ങൾ എന്നിവയിൽ സംവരണം നൽകുക.<br><br>**2. ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം**<br>(a)സ്വയംതിരിച്ചറിയാനുള്ള/വെളിപ്പെടുത്താനുള്ള അവകാശം<br>(b) ഇഷ്ടമുള്ള വസ്ത്രം ധരിക്കാനുള്ള അവകാശം.<br>(c) മതങ്ങൾ വിശ്വസിക്കുന്നതിനും പ്രചരിപ്പിക്കാനുമുള്ള അവകാശം.<br><br>**3.അന്തസ്സോടെ പീഡന വിമുക്തമായി ജീവിക്കാനുള്ള അവകാശം.**<br>(a) നിയമത്തിന് കീഴെ തുല്യ പരിചരണത്തിനുള്ള അവകാശം.<br>(b)ഹിംസകളിൽ നിന്ന് വിമുക്തമായി ജീവിക്കാനുള്ള അവകാശം<br><br>**4.വികസന കാര്യങ്ങളിൽ തുല്യ ശബ്ദവും പങ്കാളിത്തവും**<br>(a) എല്ലാ വികസന കാര്യങ്ങളിലും പങ്കാളികളാകാനും അതിൽ നിന്നും പ്രയോജനം/ആനുകൂല്യം ലഭിക്കാനുള്ള അവകാശം. |

| | |
|---|---|
| | (b)തീരുമാനങ്ങളെടുക്കുന്ന എല്ലാ വേദികളിലും തുല്യ അവകാശം. |
| (ബി) സർക്കാർ മെഡിക്കൽ കോളേജിൽ ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണെന്നും എന്നുമുതൽ ശസ്ത്രക്രിയകൾ ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;<br>(സി) ലിംഗമാറ്റ ശസ്ത്രക്രിയക്ക് ആവശ്യമായ ചെലവുകൾക്കായി സാമ്പത്തിക സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകുമോ;<br>(ഡി) പ്രസ്തുത ശസ്ത്രക്രിയ കഴിഞ്ഞവർക്ക് തുടർ ചികിത്സാസൗകര്യവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ? | (ബി),(സി)&(ഡി) ഇല്ല.<br>01.07.2017 ൽ ചേർന്ന സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ ആദ്യ യോഗത്തിൽ ട്രാൻസ്ജെൻഡർമാർക്ക് ലിംഗമാറ്റ സർജ്ജറി നടത്തുന്നതിനുള്ള ചെലവുകൾക്കായി കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖേന ഒറ്റത്തവണ ധനസഹായം നൽകുന്നതിനും തുടർ ചികിത്സയ്ക്കായി ആരോഗ്യ ഇൻഷുറൻസ് പരിരക്ഷണം നൽകുന്നതിനും . ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാൻ നിവൃത്തിയില്ലാത്ത ട്രാൻസ്ജെൻഡർമാരുടെ പ്രീമിയം തുക അടയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ